# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4399** **17.05.2017**-ൽ മറുപടിക്ക്

## റോഡപകടത്തിൽപ്പെടുന്നവർക്ക് അടിയന്തര ചികിത്സ

**ചോദ്യം** **മറുപടി**

**ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**

(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

**ശ്രീ.പി.കെ.ബഷീർ**

| | | | |
|---|---|---|---|
| എ) | റോഡപകടങ്ങൾ ദിനം പ്രതി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, അപകടത്തിൽപ്പെടുന്നവർ തക്ക സമയത്ത് ചികിത്സ ലഭിക്കാത്തതിനാൽ മരണപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ബി) സി) ഡി) &ഇ) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ റോഡപകടങ്ങളിൽപ്പെട്ട് എത്തുന്നവർക്ക് തക്ക സമയത്ത് ചികിത്സ ലഭ്യമാക്കുന്നുണ്ട്. കൂടാതെ, മെഡിക്കൽ കോളേജുകളിൽ കാഷ്വാലിറ്റിയോടനുബന്ധിച്ച് ട്രോമ കെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ട്രോമ കെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിലേക്കായി കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ സമർപ്പിക്കുകയും അതിൻപ്രകാരം കോഴിക്കോട് മെഡിക്കൽ കോളേജിൽ ലെവൽ 1 ട്രോമ കെയറും ആലപ്പുഴ മെഡിക്കൽ കോളേജിൽ ലെവൽ 2 ട്രോമ കെയറും ആരംഭിക്കുന്നതിന് തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ പോളി ട്രോമ കെയർ സംവിധാനം പ്രവർത്തന സജ്ജമായി വരുന്നു. കോട്ടയം മെഡിക്കൽ കോളേജിൽ 25 കോടി രൂപ മുടക്കി ട്രോമ കെയർ അടക്കമുള്ള പുതിയ കാഷ്വാലിറ്റി ബ്ലോക്ക് ഈ വർഷം പ്രവർത്തന സജ്ജമാകും. |
| ബി) | എങ്കിൽ, ഹൈവേകളിലും അപകട നിരക്ക് കൂടിയ റോഡുകളിലും അപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തര വൈദ്യ സഹായം ലഭ്യമാക്കുന്നതിന് ഒരുക്കിയിട്ടുള്ള സൗകര്യങ്ങൾ വ്യക്തമാക്കാമോ; | | |
| സി) | റോഡപകടങ്ങളിൽപ്പെടുന്നവർക്ക് അതിവേഗം വിദഗ്ധ ചികിത്സ ലഭ്യമാക്കുന്ന ഏതെങ്കിലും കേന്ദ്രസർക്കാർ പദ്ധതി നിലവിലുണ്ടോയെന്ന് വിശദമാക്കുമോ; | | |
| ഡി) | ഏതെല്ലാം റോഡുകളാണ് സംസ്ഥാനത്ത് അപകടനിരക്ക് കൂടിയതായി കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | | |
| ഇ) | ടി റോഡുകളോട് ബന്ധപ്പെട്ട എല്ലാ ആശുപത്രികളിലും ട്രോമാ കെയർ സംവിധാനം മെച്ചപ്പെടുത്താനും ഏത് അടിയന്തര സാഹചര്യവും നേരിടുന്നതിനും സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ആശുപത്രികളിലാണ് ഇത്തരം സംവിധാനങ്ങൾ എന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ